LIBRARY ARCHIVES Kerala Legislative Assembly

പുഞ്ചാവി ഗവൺമെന്റ് എൽ.പി. സ്കൂളിന് സ്ഥലം

299 (3280) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് നഗരസഭയിലെ പുഞ്ചാവി ഗവൺമെന്റ് എൽ.പി. സ്കൂളിന് സ്ഥലം വാങ്ങുന്നതിന് നൽകിയ അപേക്ഷയിന്മേൽ തീരുമാനമെടുക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച് സെക്രട്ടേറിയറ്റ് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിലവിലുള്ള DB3-65398 നമ്പർ ഫയലിൽ കാലതാമസം വരുത്തുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഫയൽ തീർപ്പുകൽപ്പിച്ച് പുഞ്ചാവി ഗവൺമെന്റ് എൽ.പി. സ്കൂളിന് സ്ഥലം വാങ്ങുന്നതിനുള്ള ഉത്തരവ് എന്ന് നൽകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) കാഞ്ഞങ്ങാട് നഗരസഭയിലെ പുഞ്ചാവി ഗവൺമെന്റ് എൽ.പി. സ്കൂളിന് സ്ഥലം വാങ്ങുന്നത് സംബന്ധിച്ച് സർക്കാർ ആവശ്യപ്പെട്ട റിപ്പോർട്ട് 2015 ഫെബ്രുവരി മാസത്തിൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ടി റിപ്പോർട്ട് പരിശോധിച്ച് എത്രയും വേഗം തീരുമാനം കൈക്കൊള്ളുന്നതാണ്.

അർബൻ സ്റ്റാറ്റിസ്റ്റിക്സ് ഫോർ എച്ച്.ആർ. ആന്റ് അസ്സസ്സ്മെന്റ് പദ്ധതി

300 (3281) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അർബൻ സ്റ്റാറ്റിസ്റ്റിക്സ് ഫോർ എച്ച്.ആർ. ആന്റ് അസ്സസ്മെന്റ് (USHA) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൻകീഴിൽ എത്ര നഗരങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(സി) പദ്ധതി പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അർബൻ സ്റ്റാറ്റിസ്റ്റിക്സ് ഫോർ എച്ച്. ആർ. ആന്റ് അസെസ്സ്മെന്റ് (USHA) ദേശീയ തലത്തിൽ നഗരചേരികളുടേയും നഗരദരിദ്രരുടേയും വിവര ശേഖരണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ്. നഗരവികസനവുമായി ബന്ധപ്പെട്ട പദ്ധതികളുടെ ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ തുടങ്ങിയവയ്ക്ക് സഹായകരമാകുന്ന രീതിയിൽ നഗരദരിദ്രരുടെ സമഗ്ര വിവരശേഖരണമാണ് പദ്ധതി വിഭാവന ചെയ്യുന്നത്.

(ബി) സംസ്ഥാനത്ത് നിലവിൽ 37 നഗരസഭകളാണ് പദ്ധതിക്കായി കേന്ദ്ര സർക്കാർ തെരഞ്ഞെടുത്തിട്ടുള്ളത്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) RAY പദ്ധതി നടപ്പിലാക്കുന്ന 6 നഗരസഭകളിലും കൂടാതെ തലശ്ശേരി നഗരസഭയിലും (കണ്ണൂർ അഗ്ലൊമൊറേഷൻ) സർവ്വേ പൂർത്തിയാക്കി ഡാറ്റാ എൻട്രിയും പൂർത്തിയാക്കിക്കഴിഞ്ഞു. 14 നഗരസഭകളിൽനിന്നും കൗൺസിൽ അംഗീകാരത്തോടെ ചേരികളുടെ ലിസ്റ്റ് ലഭിച്ചിട്ടുണ്ട്. മറ്റ് 16 നഗരസഭകളിൽ ചേരികളുടെ ലിസ്റ്റ് തയ്യാറായിവരുന്നു. ലിസ്റ്റ് ലഭിച്ച നഗരസഭകളിൽ കുടുംബശ്രീ സംസ്ഥാന മിഷനിലെ പ്രാരംഭ നടപടിയായ ചേരി നിർവചനത്തിൽപ്പെട്ട ഏതൊക്കെ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്നുള്ള പരിശോധിക്കൽ പൂർത്തിയാക്കി ഫീൽഡ്തല പരിശോധന നടന്നുവരുന്നു.

ഖരമാലിന്യ സംസ്കരണം

301 (3282) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഖരമാലിന്യ സംസ്കരണത്തിന് നടപ്പിലാക്കിയ പ്രോജക്ടുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ :

(ബി) ഇത്തരത്തിലുള്ള സംസ്കരണ യൂണിറ്റുകൾ നിലവിലില്ലാത്ത നഗരസഭകൾ സംസ്ഥാനത്തുണ്ടോയെന്ന് വ്യക്തമാക്കാമോ :

(സി) ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നഗരസഭകൾക്ക് എന്തൊക്കെ ധനസഹായമാണ് നല്കുന്നതെന്ന് വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly